മത്സ്യത്തൊഴിലാളികളും ദീർഘകാല തൊഴിൽ വായ്പ ഏജൻസികളും

23 (*558) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സാജു പോൾ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവതീ യുവാക്കൾക്ക് ഇതര മേഖലാ തൊഴിൽ സംരംഭങ്ങളിൽ പരിശീലനം നൽകാനും അത്തരം തൊഴിൽ നേടുന്നതിന് ദീർഘകാല തൊഴിൽ വായ്പകൾ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ എത്ര യുവതീ യുവാക്കൾക്ക് പരിശീലനവും ദീർഘകാല വായ്പയും നൽകുകയുണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ദീർഘകാല വായ്പ നൽകുന്ന ഏജൻസി ഏതൊക്കെയാണെന്നും വായ്പയുടെ പലിശനിരക്ക് എത്രയാണെന്നും വെളിപ്പെടുത്താമോ ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) :

(എ) ഇതര തൊഴിൽ സംരംഭങ്ങളിൽ പരിശീലനം സിദ്ധിച്ച മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവതീ യുവാക്കൾക്ക് തൊഴിൽ നേരിടുന്നതിന് വായ്പകൾ നൽകിവരുന്നുണ്ട്. ഇതര തൊഴിൽ സംരംഭങ്ങളിൽ പരിശീലനം നൽകുന്നതിന് പദ്ധതികൾ തയ്യാറാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉണ്ട്. ഇതര തൊഴിൽ മേഖലകളിൽ പരിശീലനം സിദ്ധിച്ച മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ദീർഘകാല വായ്പകൾ നൽകുന്ന പദ്ധതി മത്സ്യഫെഡ് മുഖേന 1995-96 സാമ്പത്തിക വർഷം മുതൽ നടപ്പാക്കിവരുന്നു. ദേശീയ പിന്നോക്കവിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിലെ സാമ്പത്തിക സഹായത്തോടെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മത്സ്യത്തൊഴിലാളി സമുദായങ്ങളിൽപ്പെട്ട യുവതീ യുവാക്കൾക്കും മത്സ്യത്തൊഴിലാളികൾക്കുമാണ് വായ്പ നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) NBCFDC പദ്ധതിപ്രകാരം 2024 പേർക്കും NMDFC പദ്ധതിപ്രകാരം 4685 പേർക്കുമായി ആകെ 11704 പേർക്ക് നാളിതുവരെ വായ്പ നൽകിയിട്ടുണ്ട്.

(ഡി) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷൻ (NMDFC) എന്നീ ഏജൻസികളാണ് സർക്കാർ ഗ്യാരന്റിയിൽ ദീർഘകാല വായ്പ നൽകുന്നത്. ഈ രണ്ട് കോർപ്പറേഷനുകളുടെ വായ്പകൾക്കും 7% മാത്രമാണ് പലിശനിരക്ക്. എൻ.ബി.സി.എഫ്.ഡി.സി.-യുടെ വനിതകൾക്കുള്ള മൈക്രോ ഫിനാൻസിംഗ് പദ്ധതിയായ സ്വർണ്ണിമ പദ്ധതിക്ക് 4% ആണ് പലിശനിരക്ക്. പരമാവധി 50,000 രൂപ വരെയാണ് ഈ പദ്ധതിപ്രകാരം ഒരാൾക്ക് വായ്പ നൽകുന്നത്.

വനത്തിനുപുറത്ത് വന്യജീവികളെ പാർപ്പിക്കുന്ന കേന്ദ്രങ്ങൾ

24 (*559) ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനത്തിനുപുറത്ത് വന്യജീവികളെ വളർത്തുകയും പാർപ്പിക്കുകയും ചെയ്യുന്ന എത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് : അവ ഏതെല്ലാം :

(ബി) ഇവയ്ക്ക് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗികാരം ലഭിച്ചിട്ടുണ്ടോ : ഇല്ലെങ്കിൽ അംഗികാരം ലഭിക്കാത്ത കേന്ദ്രങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ :

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ സന്ദർശകരിൽ നിന്നും ഫീസ് ഈടാക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്ത് വനത്തിനു പുറത്ത് വന്യജീവികളെ വളർത്തുകയും പാർപ്പിക്കുകയും ചെയ്യുന്ന 11 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. അവ ചുവടെ ചേർക്കുന്നു :

1. തിരുവനന്തപുരം മൃഗശാല
2. തൃശ്ശൂർ മൃഗശാല
3. പറശ്ശിനിക്കടവിലെ സ്നേക്ക് പാർക്ക്
4. പെരുവണ്ണാമൂഴി ക്രോക്കോഡൈൽ ആന്റ് സ്നേക്ക് പാർക്ക്.
5. മാൻ പാർക്ക്, വാളയാർ
6. വൈൽഡ് അനിമൽ റെസ്ക്യൂ സെന്റർ, കോടനാട്.
7. ക്രോക്കോഡൈൽ പ്രൊട്ടക്ഷൻ സെന്റർ, നെയ്യാർ.

LIBRARY ARCHIVES Kerala Legislative Assembly